# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4607 – 22/03/2018-ലെ മറുപടിക്ക്

## ധന ഉത്തരവാദിത്വ നിയമം

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. വി. ഡി. സതീശൻ
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. റോജി എം. ജോൺ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | ധന ഉത്തരവാദിത്വ നിയമം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സാമ്പത്തിക ദൃഢീകരണത്തിനായുള്ള പുതുക്കിയ മാർഗ്ഗരേഖയ്ക്ക് അനുസരണമായി 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇത് പ്രകാരമാണ് ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. |
| ബി | പ്രസ്തുത ഭേദഗതിയിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ; | |
| സി | റവന്യൂ കമ്മിയും, ധനക്കമ്മിയും കുറയ്ക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ഫലവത്താകാത്ത സാഹചര്യത്തിലാണോ ഈ ഭേദഗതി നിർദ്ദേശം കൊണ്ടുവരുന്നത്; വിശദമാക്കുമോ; | |

| | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| റവന്യൂകമ്മി/ ജി.എസ്.ഡി.പി | 0 | 0 | 0 | 0 | 0 |
| ധനകമ്മി/ ജി.എസ്.ഡി.പി | 3.0 | 3.0 | 3.0 | 3.0 | 3.0 |
| കടബാദ്ധ്യത/ ജി.എസ്.ഡി.പി | 31.34 | 30.84 | 30.40 | 30.01 | 29.67 |

| | | |
|---|---|---|
| ഡി | കേന്ദ്ര ധനകാര്യ മന്ത്രാലയം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; പ്രസ്തുത പരിധിയിൽ നിന്നുകൊണ്ട് | 2017-18 സാമ്പത്തിക വർഷത്തേക്കുള്ള കടമെടുപ്പ് പരിധി 20402 കോടി രൂപയായി കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. വായ്പയായി എടുക്കുന്ന തുക പ്രധാനമായും പദ്ധതി/വികസന ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. |

| | | |
|---|---|---|
| | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | |
| ഇ | റവന്യൂ കമ്മി ഇല്ലാതാക്കുകയും മൂലധന ചെലവുകൾക്ക് കടമെടുക്കുന്ന തുക വിനിയോഗിക്കരുതെന്നും ധന ഉത്തരവാദിത്വ നിയമത്തിൽ അനുശാസിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിബന്ധനകൾക്ക് അനുസൃതമായി റവന്യൂ കമ്മി ഇല്ലാതാക്കുവാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ? | 2011 ഏപ്രിൽ 1 -ന് ആരംഭിച്ച് 2015 മാർച്ച് 31 -ന് അവസാനിക്കുന്ന 4 വർഷക്കാലയളവിനുള്ളിൽ സർക്കാർ റവന്യൂക്കമ്മി ഇല്ലാതാക്കണമെന്ന് 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുശാസിച്ചിരുന്നു. സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവും വർദ്ധിച്ചു വരുന്ന റവന്യൂ ചെലവും കാരണമാണ് റവന്യൂ കമ്മി ഇല്ലാതാക്കുന്നതിന് സംസ്ഥാനത്തിന് സാധിക്കാതിരുന്നത്. |

**സെക്ഷൻ ഓഫീസർ**